# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1103 04/12/2014-ലെ മറുപടിക്ക്

### പുതിയ പ്ലസ് ടു സ്കൂളുകളും അധിക ബാച്ചുകളും

**ചോദ്യം**

ശ്രീ.സാജു പോൾ

(എ) പുതുതായി 235 പ്ലസ് ടു സ്കൂളുകളും 600 ൽ കവിയാത്ത അധിക ബാച്ചുകളും അനുവദിക്കാൻ എന്നാണ് മന്ത്രിസഭാ യോഗത്തിൽ തീരുമാനം എടുത്തതെന്ന വ്യക്തമാക്കാമോ; ഇതിന് മുമ്പ് മന്ത്രിസഭാ യോഗങ്ങളിൽ ഇക്കാര്യം ചർച്ച ചെയ്തിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) മന്ത്രിസഭാ തീരുമാനം എടുക്കുന്നതിന് മുമ്പ് ഏതെല്ലാം സ്ഥലങ്ങളിൽ പ്ലസ് ടു സ്കൂളുകൾ അനുവദിക്കണം എന്നത് സംബന്ധിച്ച പ്രപ്പോസൽ ഉണ്ടായിരുന്നുവോ; ഇത് ഏതെങ്കിലും മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കപ്പെട്ടതായിരുന്നുവോ; വ്യക്തമാക്കാമോ;

(സി) മന്ത്രിസഭാ യോഗത്തിന് ശേഷം ലിസ്റ്റ് തയ്യാറാക്കാൻ മന്ത്രിസഭാ ഉപസമിതി എത്ര തവണ യോഗം ചേരുകയുണ്ടായി; ലിസ്റ്റിന് അന്തിമമായി അംഗീകാരം നൽകിയതെന്നാണ്; ലിസ്റ്റിന്റെ സാങ്കേതിക വശങ്ങൾ പരിശോധിക്കാൻ മന്ത്രിസഭാ ഉപസമിതി ആരെയെങ്കിലും ആശ്രയിക്കുകയുണ്ടായോ; മന്ത്രിസഭയുടെ പരിഗണനയ്ക്ക് വന്ന ലിസ്റ്റിൽ ഏതൊക്കെ സ്കൂളുകളെയായിരുന്നു ഉപസമിതി പുതുതായി ഉൾപ്പെടുത്തിയതെന്ന വിശദമാക്കാമോ?

**ഉത്തരം**

ശ്രീ.പി.കെ.അബ്ദു റബ്ബ്
(ബഹു.വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

(എ), (ബി) & (സി) ഹയർ സെക്കന്ററി സ്കൂളുകൾ ഇല്ലാത്ത സംസ്ഥാനത്തെ 148 പഞ്ചായത്തുകളിൽ രണ്ടു ബാച്ചുകൾ വീതം ഉൾക്കൊള്ളുന്ന ഓരോ ഹയർ സെക്കന്ററി സ്കൂൾ അനുവദിക്കാനും നിലവിലുള്ള അർഹതയുള്ള ഹൈസ്കൂളുകളെ ഹയർ സെക്കന്ററി സ്കൂളുകളായി അപ്ഗ്രേഡ് ചെയ്യുന്നതിനും എറണാകുളം മുതൽ വടക്കോട്ടുള്ള എട്ട് ജില്ലകളിൽ പുതുതായി ഹയർ സെക്കന്ററി ബാച്ചുകൾ അനുവദിക്കുന്നതിനും (ആകെ 678 ബാച്ചുകൾ) 29/05/2013 ലെ മന്ത്രിസഭായോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 11/06/2013-ലെ സ.ഉ.(കൈ.) നം. 185/13/പൊവി നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ഉത്തരവായിരുന്നു. ഹയർ സെക്കന്ററി വിദ്യാഭ്യാസ ഡയറക്ടർ ഓരോ സ്ഥലത്തെയും വിദ്യാഭ്യാസ ആവശ്യകത അനുസരിച്ച് പുതുതായി ഹയർ സെക്കന്ററി സ്കൂളുകളും ഹയർ സെക്കന്ററി അധിക ബാച്ചുകളും അനുവദിക്കുന്നതിന് അപേക്ഷ ക്ഷണിച്ചുകൊണ്ട് 14/06/2013-ാം തീയതിയിലെ എസി ഡി സി13/16830/എച്ച് എസ് ഇ/2013 നമ്പർ നടപടി ക്രമ പ്രകാരം വിജ്ഞാപനം പുറപ്പെടുവിക്കുകയുണ്ടായി. മാനദണ്ഡങ്ങൾ പ്രസ്തുത വിജ്ഞാപനത്തിൽ നിഷ്കർഷിച്ചിരുന്നു.

ടി വിജ്ഞാപന പ്രകാരം ലഭിച്ച അപേക്ഷകൾ പരിശോധിക്കുകയും 642 ബാച്ചുകൾ അനുവദിക്കുന്നതിന് ശുപാർശ ചെയ്തുകൊണ്ട് 19/05/2014-ലെ എ്സിഡി സി13/16830/13/എച്ച് എസ് ഇ നമ്പർ കത്ത് പ്രകാരം സർക്കാരിന് ലഭ്യമാക്കി. എന്നാൽ

സർക്കാർ മുഴുവൻ കാര്യങ്ങളും പുന:പരിശോധിക്കുകയും മേൽപ്പറഞ്ഞ ഉത്തരവുകളും വിജ്ഞാപനവും അനുസരിച്ചുള്ള നടപടികൾ തുടരേണ്ടതില്ല എന്ന് തീരുമാനിച്ചു. പകരം സംസ്ഥാനത്തൊട്ടാകെ ആവശ്യമുള്ളിടത്ത് അധിക ബാച്ച് അനുവദിക്കുന്നതിന് 24/05/2014-ലെ സ.ഉ. (കൈ.) നം. 86/2014/പൊവി നമ്പർ സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. അതിൻപ്രകാരം ഹയർ സെക്കന്ററി വിദ്യാഭ്യാസ ഡയറക്ടർ 26/05/2014-ലെ എസിഡി സി3/21437/എച്ച്എസ്ഇ/2014 നമ്പർ വിജ്ഞാപന പ്രകാരം അധിക ബാച്ചുകൾ അനുവദിക്കുന്നതിന് അപേക്ഷകൾ ക്ഷണിക്കുകയുണ്ടായി. മാനദണ്ഡങ്ങൾ പ്രസ്തുത വിജ്ഞാപനത്തിലും നിഷ്കർഷിച്ചിരുന്നു. പ്രസ്തുത സർക്കാർ ഉത്തരവിലെയും വിജ്ഞാപനത്തിലെയും വ്യവസ്ഥകൾക്ക് അനുസൃതമായി സർക്കാർ മേഖലയിലും എയ്ഡഡ് മേഖലയിലും 408 അധിക ഹയർ സെക്കന്ററി ബാച്ചുകൾ അനുവദിക്കുന്നതിന് 18/06/2014-ലെ കത്ത് പ്രകാരം ഹയർ സെക്കന്ററി വിദ്യാഭ്യാസ ഡയറക്ടർ സർക്കാരിൽ ശുപാർശ സമർപ്പിച്ചു. എന്നാൽ 24/05/2014-ലെ സർക്കാർ ഉത്തരവും 26/05/2014-ലെ ഹയർ സെക്കന്ററി വിദ്യാഭ്യാസ ഡയറക്ടറുടെ വിജ്ഞാപനവും ഡബ്ല്യു പി.സി. നം.13851/14, കേസിലും മറ്റു ബന്ധപ്പെട്ട ഹർജികളിന്മേലും ബഹു. കേരള ഹൈക്കോടതി പുറപ്പെടുവിച്ച 10/07/2014-ലെ വിധിന്യായ പ്രകാരം റദ്ദുചെയ്യുകയും റിട്ട് അപ്പീൽ നമ്പർ 1341/2013 കേസിന്മേലുള്ള ബഹു.കേരള ഹൈക്കോടതിയുടെ 11/04/2014-ലെ വിധിന്യായത്തിൽ ഉത്തരവായതുപോലെ ഹയർസെക്കന്ററി ഡയറക്ടർ അദ്ധ്യക്ഷനായ ആറംഗ സമിതി ശുപാർശ ചെയ്ത 19/05/2014-ലെ കത്തിനോടൊപ്പം ഹയർ സെക്കന്ററി വിദ്യാഭ്യാസ ഡയറക്ടർ ലഭ്യമാക്കിയ ലിസ്റ്റ് പ്രകാരമുള്ള ഹയർ സെക്കന്ററി സ്കൂളുകളും ബാച്ചുകളും മാത്രം അനുവദിക്കാൻ സർക്കാരിനോട് നിർദ്ദേശിക്കുകയും ചെയ്തു. എന്നാൽ 23.07.2014 ലെ മന്ത്രി സഭാ യോഗം സംസ്ഥാനത്തൊട്ടാകെ ഗവൺമെന്റ്/ എയ്ഡഡ് ഹയർ സെക്കന്ററി സ്കൂളുകളിൽ 700 ഹയർ സെക്കന്ററി ബാച്ചുകൾ ഉൾപ്പെട്ട ഒരു പട്ടികയ്ക്ക് അംഗീകാരം നൽകുകയും 31/07/2014-ലെ സ.ഉ.

(കൈ.) നം. 143/2014/ പൊവി സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയും ഉണ്ടായി. 18.08.2014-ലെ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ വിധിക്കെതിരെ സർക്കാർ ഡിവിഷൻ ബഞ്ച് മുമ്പാകെ സമർപ്പിച്ച അപ്പീൽ തള്ളുകയും തുടർന്ന് 19.05.2014-ലെ ഹയർസെക്കന്ററി ഡയറക്ടറുടെ റിപ്പോർട്ടിൽ ഉൾപ്പെട്ട സ്കൂളുകൾക്കുമാത്രം പ്ലസ് ടു ബാച്ചുകളും പ്രവർത്തനാനുമതിയും അനുവദിച്ചുകൊണ്ട് 24.11.2014-ലെ സ.ഉ (കൈ) നം.247/2014/ പൊ.വി പ്രകാരം പുതുക്കിയ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി.

സെക്ഷൻ ഓഫീസർ